**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 56** **08-06-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പ്രവൃത്തികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി വഴി നാളിതുവരെ സമാഹരിച്ച തുക നിലവിൽ കിഫ്ബി അനുമതി നൽകിയിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് പര്യാപ്തമാണോ എന്ന് വിശദമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | കഴിഞ്ഞ 5 വർഷകാലയളവിൽ കിഫ്ബി 64000 കോടിയിൽപരം ചെലവ് വരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിങ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടി വരുന്ന തുക എല്ലാം മുൻകൂട്ടി സമാഹരിച്ച് വെക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിങ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്ന മുറക്ക് അവയ്ക്ക് പണം നൽകുന്നതിനു ആവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹാരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസം കാലയളവിലേക്കുള്ള ബില്ലുകൾ കൊടുക്കുന്നതിന് ആവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയറാണ് (ALM Software) ഇതിനു സഹായിക്കുന്നത്. ഓരോ സമയത്തും കിഫ്ബിയുടെ പദ്ധതികളും അവയുടെ പുരോഗതിയും പേയ്മെന്റ് വ്യവസ്ഥകളും കൈവശമുള്ള തുകയും വിലയിരുത്തി ശാസ്ത്രീയമായ രീതിയിൽ കിഫ്ബിയുടെ കടമെടുപ്പ് നിർദ്ദേശിക്കുവാൻ കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതു വഴി അനാവശ്യമായി കടമെടുത്ത് പലിശകൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കും. സാമ്പത്തിക വർഷം 2021 വരെ 5,674.798 കോടി രൂപ കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10000 കോടിയോളം രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നടപ്പ് |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന നികുതി - പെട്രോളിയം സെസ് ഇനത്തിലുള്ള കിഫ്ബിയുടെ വിഹിതമായി സർക്കാരിൽ നിന്ന് ലഭിച്ച ആകെ തുക 10,158.94 കോടി രൂപയാകും. ഇത്തരത്തിൽ കൃത്യമായ സാമ്പത്തിക മാതൃകയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ ഏറ്റെടുത്ത പദ്ധതികൾക്ക് പണം ലഭ്യമാക്കുന്നതിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും പ്രതീക്ഷിക്കുന്നില്ല. ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC) ഇക്കാര്യം ആറ് മാസത്തിലൊരിക്കൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. |
| (ബി) | അടുത്ത അഞ്ചു വർഷം എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | 08.08.2016 ലെ സ.ഉ.(കൈ)നം.315/2016/ധന ഉത്തരവ് പ്രകാരവും, 24.02.2018 ലെ സ.ഉ.(കൈ)നം.69/2018/ധന ഉത്തരവ് പ്രകാരവും പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി രേഖകൾ പ്രകാരം വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പരിഗണിക്കുന്നത്. നാളിതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. അടുത്ത അഞ്ചു വർഷം നടപ്പിലാക്കേണ്ട ആകെ പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടില്ല. |
| (സി) | അഞ്ചു വർഷം കൊണ്ട് അൻപതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന മുൻ സർക്കാരിന്റെ വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) | കിഫ്ബി നാളിതുവരെ 63,259 കോടി രൂപയുടെ 903 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. അതിൽ പൂർത്തീകരിച്ച പദ്ധതികളും ഉൾപ്പെടുന്നു. കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ്, നിയമാനുസൃതമായുള്ള ക്ലിയറൻസുകൾ എന്നിവയുള്ള സ്വാഭാവികമായ കാലതാമസമല്ലാതെ അംഗീകരിച്ച പദ്ധതികളിലൊന്നും കാലതാമസം വന്നിട്ടില്ല. ആയതിന്റെ നിർവ്വഹണം നടന്നു വരികയാണ്. പദ്ധതികളുടെ വിശദമായ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. കിഫ്ബി അംഗീകരം നൽകിയതിൽ 20,000 കോടി രൂപയുടെ 6 പദ്ധതികൾ വിവിധ വ്യവസായങ്ങൾക്കായുള്ള സ്ഥലം ഏറ്റെടുപ്പ സംബന്ധിച്ചതാണ്. അംഗീകരിച്ച 903 പദ്ധതികളിൽ 20,863.25 കോടി രൂപയുള്ള 481 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതും, 23,197.90 കോടി രൂപയുള്ള 541 പദ്ധതികൾക്ക് ടെന്റർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. 10,878.25 കോടി |

രൂപ പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ ഉൾപ്പെടുത്തി 7 CCU, 8 കാത്ത് ലാബുകൾ, 43 ഡയാലിസിസ് കേന്ദ്രങ്ങൾ, പുനലൂർ താലൂക്ക് ആശുപത്രി ഉൾപ്പെടെ ആകെ 199 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്തുവകുപ്പിനു കീഴിൽ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ ഉൾപ്പെടെ ആകെ 996.84 കോടി രൂപയുടെ 24 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ 508 കോടി രൂപയുടെ 125 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് (3 കോടി രൂപയുടെ 58 സ്കൂളുകൾ, 5 കോടി രൂപയുടെ 67 സ്കൂളുകൾ). ജലവിഭവ വകുപ്പിനു കീഴിൽ 159.70 കോടി രൂപയുടെ 8 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിനു കീഴിൽ ഐ.ടി.ഐ. കെട്ടിടങ്ങൾ / പ്രീ-മെട്രിക് ഹോസ്റ്റലുകൾ തുടങ്ങി ആകെ 34.31 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിനു കീഴിൽ 28.78 കോടി രൂപയുടെ 25 സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കായിക യുവജനക്ഷേമ വകുപ്പിനു കീഴിൽ ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, തളിപ്പറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, ഏടപ്പാൾ ഗവ: ഹയർസെക്കണ്ടറി സ്കൂൾ മിനി സ്റ്റേഡിയം, നീലേശ്വരം EMS സ്റ്റേഡിയം എന്നീ 38.78 കോടി രൂപയുടെ 4 സ്റ്റേഡിയം പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ്നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചു വരുന്നു. പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്തി വരുന്നു. കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള വിവിധ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം – 1-ലും, പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2-ലും ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| Status of KIIFB Approved projects - Department Wise | | | | | | | | |
|---|---|---|---|---|---|---|---|---|
| Department | KIIFB Approved Projects | | KIIFB Tendered Projects | | | KIIFB Started/Awarded Projects | | |
| | No. of Projects Approved | Approved Amount (Rs.in Crore) | No. of Projects Tendered | Approved Amount (Rs.in Crore) | Tendered Amount (Rs.in Crore) | No. of Projects Started/Awarded | Approved Amount (Rs.in Crore) | Work Contract Amount (Rs.in Crore) |
| PWD | 389 | ₹ 18,063.34 | 189 | ₹ 7,402.98 | ₹ 6,082.69 | 163 | ₹ 6,354.47 | ₹ 5,198.00 |
| Agriculture | 1 | ₹ 21.43 | 1 | ₹ 21.43 | ₹ 11.98 | 1 | ₹ 21.43 | ₹ 11.92 |
| Ayush | 1 | ₹ 69.05 | 1 | ₹ 69.05 | ₹ 59.22 | 0 | ₹ 0.00 | ₹ 0.00 |
| Backward Classes Development Department | 1 | ₹ 17.73 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Coastal Shipping & Inland Navigation | 2 | ₹ 672.64 | 1 | ₹ 106.13 | ₹ 78.76 | 1 | ₹ 106.13 | ₹ 78.72 |
| Culture | 17 | ₹ 445.30 | 8 | ₹ 266.55 | ₹ 209.69 | 6 | ₹ 185.40 | ₹ 199.95 |
| Devaswom | 2 | ₹ 129.91 | 1 | ₹ 118.35 | ₹ 98.70 | 1 | ₹ 118.35 | ₹ 98.70 |
| Fisheries and Ports | 22 | ₹ 441.04 | 17 | ₹ 285.03 | ₹ 220.21 | 17 | ₹ 285.03 | ₹ 230.23 |
| Forest | 4 | ₹ 458.82 | 4 | ₹ 458.82 | ₹ 16.58 | 4 | ₹ 458.82 | ₹ 13.75 |
| General Education | 141 | ₹ 2,861.00 | 112 | ₹ 2,388.41 | ₹ 2,101.18 | 100 | ₹ 2,222.83 | ₹ 1,908.29 |
| Health & Family Welfare | 57 | ₹ 4,222.20 | 31 | ₹ 2,545.96 | ₹ 1,827.19 | 28 | ₹ 2,219.40 | ₹ 1,589.35 |
| Higher Education | 52 | ₹ 1,094.06 | 30 | ₹ 567.52 | ₹ 356.65 | 28 | ₹ 532.93 | ₹ 297.59 |
| Home | 6 | ₹ 220.14 | 1 | ₹ 50.14 | ₹ 37.22 | 1 | ₹ 50.14 | ₹ 37.22 |
| Industries | 1 | ₹ 62.16 | 0 | ₹ 0.00 | ₹ 0.00 | 0 | ₹ 0.00 | ₹ 0.00 |
| Information Technology | 3 | ₹ 1,412.86 | 3 | ₹ 1,412.86 | ₹ 1,278.96 | 3 | ₹ 1,412.86 | ₹ 1,810.62 |
| Labour & Skills | 5 | ₹ 82.50 | 5 | ₹ 82.50 | ₹ 84.06 | 5 | ₹ 82.50 | ₹ 80.08 |
| Local Self Government | 18 | ₹ 556.75 | 2 | ₹ 310.78 | ₹ 255.96 | 1 | ₹ 298.38 | ₹ 245.88 |
| Power | 18 | ₹ 5,200.00 | 13 | ₹ 2,221.91 | ₹ 1,734.72 | 13 | ₹ 2,221.91 | ₹ 1,871.13 |
| Registration | 6 | ₹ 88.65 | 6 | ₹ 88.65 | ₹ 70.78 | 6 | ₹ 88.65 | ₹ 68.50 |
| Revenue | 2 | ₹ 32.62 | 2 | ₹ 32.62 | ₹ 27.17 | 2 | ₹ 32.62 | ₹ 24.48 |
| SC/ST Development | 10 | ₹ 182.23 | 8 | ₹ 161.84 | ₹ 135.43 | 5 | ₹ 113.59 | ₹ 86.27 |
| Sports & YA | 38 | ₹ 773.01 | 29 | ₹ 657.01 | ₹ 531.07 | 25 | ₹ 514.09 | ₹ 436.71 |
| Tourism | 11 | ₹ 331.68 | 7 | ₹ 185.38 | ₹ 78.23 | 4 | ₹ 87.39 | ₹ 31.11 |
| Transport | 3 | ₹ 600.98 | 2 | ₹ 240.07 | ₹ 79.23 | 2 | ₹ 240.07 | ₹ 53.88 |
| Water Resources | 87 | ₹ 5,219.21 | 68 | ₹ 3,523.92 | ₹ 2,536.17 | 65 | ₹ 3,216.25 | ₹ 2,039.13 |
| Total | 897 | ₹ 43,259.32 | 541 | ₹ 23,197.90 | ₹ 17,911.85 | 481 | ₹ 20,863.25 | ₹ 16,411.51 |

| Projects under Land Acquisition Pool of ₹ 20,000 Crore | | |
|---|---|---|
| PWD-NHAI | 1 | ₹ 5,374.00 |
| Industries (Under LA Pool) | 5 | ₹ 15,227.23 |
| *Industrial Parks - 3 projects - ₹13988.63 Cr* | | |
| *Taking over of land from HNL - ₹200.60 Cr* | | |
| *Kochi - Banglore Industrial Corridor - ₹1038.00 Cr* | | |
| Total | 6 | ₹ 20,601.23 |
| | | |
| **KIIFB Approved Projects - Grand Total** | | |
| Infrastructure Projects | 897 | ₹ 43,259.32 |
| Projects under Land Acquisition Pool | 6 | ₹ 20,000.00 |
| Total | 903 | ₹ 63,259.32 |



Section Officer

| Sl No. | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District |
|---|---|---|---|---|---|
| 1 | Setting up of Petrochemical & Pharma Park | ₹ 977.46 | KINFRA | Aluva | Ernakulam |
| 2 | Improvements to Ambalapuzha Thiruvalla road | ₹ 69.50 | KRFB | Ambalappuzha | Alappuzha |
| 3 | Four laning of NH-47(66)-Karamana Kaliyikkavila - Phase I - Reach II - Pravachambalam to Vazhimukku | ₹ 162.46 | KRFB | Kattakkada, Kovalam | Thiruvananthapuram |
| 4 | Improvements to Kalavoor Kattoor Beach road | ₹ 20.80 | KRFB | Alappuzha | Alappuzha |
| 5 | Varankavala Coalgate Kavungal road | ₹ 21.50 | KRFB | Alappuzha | Alappuzha |
| 6 | Improvements to Cherthala-Thannermukkom Road CH 0/000-5/950 | ₹ 12.80 | KRFB | Cherthala | Alappuzha |
| 7 | Improvements to Perambra - Cheruvannur - Vatakara road between Km 0/000 to 9/800 in Kozhikode District | ₹ 24.40 | KRFB | Perambra | Kozhikode |
| 8 | Payyoli Perambra road between Km 0/000 & 18/105 in Kozhikode District | ₹ 42.00 | KRFB | Koyilandi, Perambra | Kozhikode |
| 9 | Arammayil Parapram road (Improvements to Parapram Olayambalam sixth mile road Km 0/000 to 5/167 and Km 5/900 to 9/405) in Kannur District | ₹ 14.53 | KRFB | Dharmadam | Kannur |
| 11 | Improvements to Mannarakulanji-Kozhencherry Road | ₹ 23.46 | KRFB | Aranmula | Pathanamthitta |
| 14 | Improvements to Kanichukulangara Beach - NH - Kayippuram - Kayaloram Road | ₹ 12.30 | KRFB | Alappuzha | Alappuzha |
| 15 | Providing BM & BC to Kollakadavu - Kulanada road | ₹ 19.33 | KRFB | Chenganoor | Alappuzha |
| 16 | Improvements of Kurattiyampalam Mannar Veeyapuram road | ₹ 16.41 | KRFB | Chenganoor, Kuttanad | Alappuzha |
| 17 | Improvements to Ayathil-Pallimukku Road | ₹ 10.81 | KRFB | Eravipuram | Kollam |
| 18 | Improvements to Ayoor - Ithikkara road Km 8/000 to 17/500 | ₹ 16.09 | KRFB | Chathanoor, Chadayamangalam | Kollam |
| 19 | Six lane Flyover at Vyttila | ₹ 86.34 | KRFB | Kochi | Ernakulam |
| 20 | Construction of six lane Flyover at At Kundanoor Junction on NH 66 | ₹ 82.74 | RBDCK | Thripunithara | Ernakulam |
| 21 | Elenjimel- Harippad Road | ₹ 16.66 | KRFB | Harippad | Alappuzha |

| Sl No. | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District |
|---|---|---|---|---|---|
| 22 | Muttathiparambu- Arthunkal Road (Kuruppam Kulangara Road) | ₹ 13.59 | KRFB | Cherthala | Alappuzha |
| 23 | Improv. To Palode Brimore road | ₹ 49.69 | KRFB | Vamanapuram | Thiruvananth apuram |
| 28 | Kottakkal- Kottapadi Road | ₹ 18.85 | KRFB | Kottakkal | Malappuram |
| 29 | Vellora- Kakkara- Kadukkarammukku- Chakkalakkunnu Road in Kannur District | ₹ 24.65 | KRFB | Payyannur | Kannur |
| 30 | Kankol- Cheemeni Road in Kannur District | ₹ 20.26 | KRFB | Payyannur | Kannur |
| 31 | Development of Hill Highway in Kollam District- Punalur KSRTC Junction- Agasthyakode Alencherry Kulathupuzha- Madathara- Kollayil. | ₹ 201.67 | KRFB | Punalur, Chadayamangalam | Kollam |
| 40 | Mananthavady- Pakramthalam Road in Wayanad DistrictProviding BM & BC | ₹ 16.00 | KRFB | MANANTHAVADY | Wayanad |
| 41 | Augmentation of Urban Water Supply to Shornur Municipality and Vaniyamkulam Panchayath | ₹ 35.00 | KWA | Shornur | Palakkad |
| 42 | Augmentation of Urban Water Supply Scheme to Thodupuzha Municipality in Idukki District | ₹ 34.00 | KWA | Thodupuzha | Idukki |
| 43 | Augmentation of WSS to Dharmadam panchayath in Dharmadam Constituency | ₹ 16.50 | KWA | Dharmadam | Kannur |
| 44 | WSS to Kottayam Census Towns - Strengthening of Distribution system in Thalassery Taluk of Kannur District | ₹ 12.00 | KWA | Koothuparamba | Kannur |
| 45 | Distribution Line Extension from ongoing WSS to Mananthavady, Edavaka and Nalloornadu villages in Wayanad District | ₹ 18.00 | KWA | Manathawady | Wayanad |
| 46 | CWSS to Thiruvali & Adjoining Villages-Phase I & II-Thiruvali and Wandoor Part-1 | ₹ 22.20 | KWA | Wandoor | Malappuram |
| 47 | Water supply Distribution strengthening of Kadamakkudi Panchayath | ₹ 12.00 | KWA | Vypeen | Ernakulam |

| Sl No. | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District |
|---|---|---|---|---|---|
| 48 | WSS to Ambalappara Panchayath in Ottapalam Taluk, Palakkad District - Phase I | ₹ 10.00 | KWA | Ottapalam | Palakkad |



Section Officer